in it the scheme for supplying more water to Cochin and for the Harbour. This scheme is under the consideration of the Government and if things come as we think it will, that scheme will materialise in about one and half years. The supply from Chewwara would be greatly enhanced, about double the present supply, and it would be possible for us to spare the water for the lateral areas to the north of Cochin. At the same time we will be able also to take in barges which are now supplying to Mattancherry and utilise them for supplying water to Azhikkal. That is the main reason why we are delaying the supply to Azhikkal. One thing is the paucity of supply and the other is the want of proper additional equipment for the work and I hope within 15 or 18 months it would be possible for us to start the work.

Mr. K. Ayyappan:—I don't press the resolution.

Resolution was, with leave, withdrawn.

The following resolutions were considered withdrawn as the Movers were absent.

Mr. Popatlal Goveardhan Lalan:—"*This Council recommends to the Government that immediate steps may be taken to substitute the present rowing boat for Police patrol in the back water by a Motor Launch*".

Mr. P. Raman Menon:—"*This Council recommends to the Government that a Committee of three non-official medical experts be appointed to scrutinise the prevailing system of the purchase of medical stores including articles of bedding and clothing and furniture and to suggest ways and means for effecting economy.*"

No. 5. Non-official Committee Report on Police High-handedness.

Mr. K. M Ibrahim:—Sir, the resolution standing in my name reads thus:—"*This Council recommends to the Government to take steps on the report of the non-official committee composed of the Members of this House regarding police highhandedness on peaceful Satyagrahis at Ernakulam.*

മിസ്റ്റർ പ്രസിഡന്റ്, സർ, നിയമസഭയിലെ അനുദ്യോഗസ്ഥമെമ്പർമാർ അടങ്ങിയിട്ടുള്ളതായ ഒരു അനുദ്യോഗസ്ഥക്കമ്മിറ്റി എറണാകുളത്തുവച്ചു നടന്നതായ സത്യഗ്രഹമദ്ദനത്തെ സംബന്ധിച്ചു ചെയ്തിട്ടുള്ള അന്വേഷണറിപ്പോർട്ടിന്മേൽ ഗവർമ്മെൻറു വേണ്ട നടപടികൾ നടത്തണമെന്നാണ്. ഞാൻ ഈ റസല്യൂഷൻ കൊ

LIBRARY ARCHIVES Kerala Legislative Assembly

ണ്ട് ആവശ്യപ്പെട്ടന്നതു്. കൊച്ചീ രാജ്യക്കാർ മാത്രമല്ല, അയൽ പ്രദേശങ്ങളിലുള്ളവരെല്ലാംതന്നെ കമ്മിറിറികളുടെ അന്വേഷണങ്ങൾക്കും ശുപാർശകൾക്കും മുമ്പായി ഇതിന്റെ വാസ്തവങ്ങളെ ഗ്രഹിച്ചുകഴിഞ്ഞിട്ടുണ്ട്. അതെല്ലാം എങ്ങിനെയെല്ലാം ഒളിച്ചു വെച്ചാലും സത്യം പുറത്തു വരാതിരിക്കയില്ലെന്നു് ആപ്തവാക്യംതന്നെയുണ്ട്. കണ്ണും ചെവിയുമുള്ള സകല ജനങ്ങളും പോലീസുകാർ ചെയ്യ പ്രവൃത്തികൾ നല്ലപോലെ മനസ്സിലാക്കീട്ടുണ്ട്. ഈ എൻകുയറി കൂടാതെതന്നെ അന്യരാജ്യങ്ങളിൽ മുഴുവനും മാറൊലിക്കൊണ്ട ഒരു ഭയങ്കരമായ, ഏറ്റവും ദയനീയമായ, അതിദാരുണമായ, ഒരു സംഭവമാണു് ഇതെന്നു് എല്ലാവരും പറയും; അനുദ്യോഗസ്ഥന്മാർ തിട്ടമായും പറയും. ഈ നിയമസഭയുടെ ആലോചനക്കു് ഇപ്പോൾ വന്നിട്ടുള്ള ഈ പ്രമേയത്തിൽ കാണിച്ചിരിക്കുന്ന അന്വേഷണകമ്മിറിറിയുടെ രൂപീകരണങ്ങളെ സംബന്ധിച്ചും, അതിന്റെ പ്രവൃത്തികളെ സംബന്ധിച്ചും, അതിന്റെ തീരുമാനങ്ങളെ സംബന്ധിച്ചും ഒരു സംഗ്രഹം ഇവിടെ എടുത്തു കാണിക്കേണ്ടതു് ഈ പ്രമേയത്തിന്റെ വിവാരണത്തിനു് ഏറ്റവും ആവശ്യമായി തീർന്നിരിക്കുന്നു.

ഈ കമ്മിറിറി കൂടുവാനുള്ള കാരണങ്ങൾ എന്താണെന്നും ഈ കമ്മിറിറിയെ നിയമിച്ചതു് ആരാണെന്നുമാണു് എനിക്കു് ആദ്യമായി പറയുവാനുള്ളതു്. ഈ സത്യഗ്രഹമദ്ദനത്തെ സംബന്ധിച്ചു വേണ്ട അന്വേഷണങ്ങൾ ചെയ്തു് ഇപ്രകാരമുള്ള ചില ശുപാർശകൾ ചെയ്യുവാനായിട്ടു് ഈ കമ്മറിറിക്കധികാരം കൊടുത്തതു് എറണാകുളത്തെ പൌരന്മാരുടെ ഒരു പൊതുയോഗമാണു്. ആ പൊതുയോഗം കൂടിയതു് വാസ്തവത്തിൽ ഈ നാട്ടിലെ പ്രമാണികളും ഈ നാട്ടുകാരെ ശരിക്കു പ്രതിനിധീകരിക്കുന്നവരുമായ പല മാന്യന്മാരുടേയും ക്ഷണപ്രകാരമായിരുന്നു എന്നാണു് എനിക്കു പറയുവാനുള്ളതു്. അല്ലാതെ സത്യഗ്രഹമദ്ദനം നടന്നു എന്നു കേട്ടപ്പോൾ എന്താണെന്നു് അന്വേഷിക്കുവാൻപോലും സാധിക്കാത്ത ഉത്തരവാദിത്വബോധമില്ലാത്ത, വിവേകമില്ലാത്ത, കുറെ ചെറുപ്പക്കാരുടെ ആവശ്യപ്രകാരം കൂടിയ ഒരു യോഗമല്ല ഇതു്. അക്രമരഹിതമായും സമാധാനപരമായും ഉള്ള നിലയിൽ ധർമ്മസമരത്തിനു പുറപ്പെട്ട ഒരു ധർമ്മസൈന്യത്തെ നിഷ്ഠുരമായും ക്രൂരമായും മർദ്ദിച്ച സംഗതിയെക്കുറിച്ചു ശരിക്കു മനസ്സിലാക്കുവാൻ മാത്രം ശേഷിയും ശേമുഷിയും ഉത്തരവാദിത്വബോധവും തന്റേടവുമുള്ള നമ്മുടെ നാട്ടിലെ പൌരന്മാരുടെ ആവശ്യപ്രകാരമാണു് ആ യോഗം കൂടിയതു്. അതിൽ പ്രധാനികളായ ചിലരുടെ പേരു് ഇവിടെ പറയാം. മെസ്സേർസ്സു് എം. ശിവരാമമേനോൻ (എറണാകുളം മുനിസിപ്പാൽ ചെയർമാൻ) അമ്പാട്ടു് ഈച്ചരമേനോൻ, ബി. എ., എം. എൽ. സി., ടി. എ, രാമചന്ദ്രയ്യർ. എം. എൽ. സി., കെ. അ

LIBRARY ARCHIVES Kerala Legislative Assembly

യ്യപ്പൻ, ബി. എ., എം. എൽ. സി., ടി. കെ. നായർ, എം. എൽ. സി., കെ. ടി. മാത്യു, ബി. എ., ബി. എൽ., എം. എൽ. സി., പി. കുമാരനെഴുത്തശ്ശൻ, എം. എൽ. സി., എ. ബി. സേലം, ബി. എ., ബി. എൽ. എക്സ് എം. എൽ. സി., സി. എൻ. ഇട്ടിരവി നമ്പൂതിരി, എം. എൽ. സി., പി. എസ്സ്. കേശവൻനമ്പൂതിരി. ബി. എ., ബി. എൽ., എം. എൽ. സി., ഈ. ഇക്കണ്ടവാരിയർ ബി. എ., ബി. എൽ. എം. എൽ. സി., ഡാക്ടർ എ. ആർ. മേനോൻ. എം. എൽ. സി., മുതലായി ഈ നാട്ടിലെ പ്രതിനിധികളെന്നു് ധാരാളം അഭിമാനിക്കുന്നവരും നാട്ടുകാർ തലകുലുക്കി സമ്മതിക്കുന്നവരും ആയ ഈ നാട്ടിലെ പ്രാമാണ്യവും പ്രാതിനിധ്യവും ഇവരുടെ പ്രവൃത്തികളെ സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ അറിയുവാൻ കഴിവുമുള്ള ആളുകളുടെ ആവശ്യപ്രകാരമാണ് ആ യോഗംനടന്നതെന്നു് ഞാൻ ഇവിടെ വായിച്ച പേരുകൊണ്ടുതന്നെ നിങ്ങൾക്കു ധാരാളം മനസ്സിലാകും. ആ യോഗത്തിൽ വച്ചു നിശ്ചയിച്ച കമ്മിറ്റി അംഗങ്ങളായി ഞാൻ മുൻ ലിസ്റ്റിൽ പറഞ്ഞവരും അല്ലാത്തവരുംഉൾപ്പെട്ടിട്ടുണ്ടു്. ഈ നാട്ടിനെ ശരിക്കു പ്രതിനിധീകരിക്കുന്ന ഗവൺമെൻറുദ്യോഗസ്ഥന്മാരേക്കാൾ കൂടുതൽ പ്രതിനിധീകരിക്കുന്നവർ ഇവരാണെന്നു് ഞാൻ ഗവൺമെൻറിനെ ധരിപ്പിച്ചുകൊള്ളുന്നു. ഒമേസ്സേഴ്സ് ടി. എ. രാമചന്ദ്രയ്യർ. എം. എൽ. സി., ടി. കെ. നായർ, എം. എൽ. സി., കെ. അയ്യപ്പൻ. ബി. എ., എം. എൽ. പി., കെ. ടി. മാത്യു. ബി. എ., ബി. എൽ., എം. എൽ. സി., പി. കുമാരനെഴുത്തശ്ശൻ വക്കീൽ എം. എൽ. സി., മുതലായവരാണു് കമ്മിറ്റി അംഗങ്ങൾ. ഈ കമ്മിറ്റി രൂപീകരിക്കുവാൻ ആവശ്യപ്പെട്ട പൊതുജനയോഗംതന്നെ പ്രബലന്മാരായ പൌരന്മാരുടെ ആവശ്യപ്രകാരമാണെന്നും ആ നിലയിൽ വന്നിട്ടുള്ള ഒരു കമ്മിറ്റിയിലെ അംഗങ്ങൾ ഈ നാട്ടിനെ ശരിക്കു പ്രതിനിധീകരിക്കുന്നവരാണെന്നും മാത്രമാണ് എനിക്കു കമ്മിറ്റി ഏർപ്പെടുത്തിയതിനെ സംബന്ധിച്ചു പറയുവാനുള്ളതു്.

ഇനി പറയുവാനുള്ളതു് കമ്മിറ്റിയുടെ പ്രവൃത്തികളെ സംബന്ധിച്ചാണു്. കമ്മിറ്റി സമർപ്പിച്ചിട്ടുള്ള പത്തോ പതിനാലോ പേജുകൾ വരുന്ന ദീർഘമായ ഈ റിപ്പോർട്ടിലെ മുഴുവൻ സംഗതികളും ഇവിടെ എടുത്തു പറയേണ്ട ആവശ്യമില്ല. അതുകൊണ്ടു് ഇതിൽനിന്നും പ്രധാനമായ ചില സംഗതികൾ പറയുവാൻ മാത്രമേ ഞാൻ വിചാരിക്കുന്നുള്ളൂ. ഈ കമ്മിറ്റി 29-6-1109, 8-1-1109, 9-7-1109, 10-7-1109, 11-7-1109, 12-7-1109, 8-7-1109, എന്നീ തീയ്യതികളിൽ പലേ അവസരങ്ങളിലായി പല അന്വേഷണങ്ങൾ ഏറ്റവും പരിഷ്കൃതമായ നിലയിൽ, ഇന്നത്തെ നിയമകോടതികൾ സ്വീകരിച്ചിരിക്കുന്നതായ നീതിന്യായങ്ങൾ അനുസരിച്ചു്—തെളിവെടുക്കുന്നതിനെ സംബന്ധി

LIBRARY ARCHIVES Kerala Legislative Assembly

ച്ചും നിയമം നടത്തിപ്പിനെ സംബന്ധിച്ചും പരിഷ്കൃതങ്ങളായ കോടതികളിൽ നിലനില്ക്കുന്നതായ ചിട്ടകളനുസരിച്ച്—ഉള്ള നിലയിൽ കമ്മിറ്റി വിസ്താരങ്ങളും നടത്തിയിട്ടുണ്ട്. ഇതു് സഭകായ്മമായോ കുഗ്രാമങ്ങളിൽ വച്ചോ നടത്തീട്ടുള്ള ഒരു അന്വേഷണമല്ല. എം. എൽ. സി. മാരുടെ മദിരാശിയിൽവച്ചു നടത്തിയ ഒരു പരസ്യാന്വേഷണമാണു്. ആ അന്വേഷണത്തിൽ കമ്മിറ്റി വിസ്തരിച്ചിട്ടുള്ള എല്ലാ സാക്ഷികളുടെ പേരും മൊഴികളും ഇവിടെ എടുത്തു വിമർശിക്കേണ്ട ആവശ്യമില്ല. ഈ പ്രസ്ഥാനവുമായി യാതൊരു ബന്ധവുമില്ലാത്ത, യാതൊരു വിധത്തിലും ഈ പ്രസ്ഥാനത്തിൽ ഇടപെട്ടിട്ടില്ലാത്ത ചില സാക്ഷികൾപോലും കമ്മിറ്റിയുടെ മുമ്പിൽവന്നു് ഇതിനു സാക്ഷ്യം വഹിച്ചിട്ടുണ്ടു്. ഈ മർദ്ദനങ്ങൾ ഏറ്റിട്ടുള്ള വാളണ്ടിയർ സംഘത്തിലെ സന്നദ്ധഭടന്മാരോ അവരോടു് കുറച്ചെങ്കിലും അനുതാപമുള്ളവരോ ആണു് സാക്ഷ്യം വഹിച്ചതെങ്കിൽ അതു് ഇവരുമായുള്ള സ്നേഹവും മറുവശത്തുള്ള പക്ഷപാതവുംകൊണ്ടു വന്നതാണെന്നു വിചാരിയ്ക്കാം. എന്നാൽ അങ്ങിനെയുള്ള യാതൊരു ബന്ധവുമില്ലാത്തവർകൂടി ഇതിൽ തെളിവു കൊടുത്തിട്ടുണ്ടു്. ഇതിൽ പ്രധാനമായിട്ടു് മിസ്റ്റർ വള്ളോൻ, എം. എൽ. സി.യെക്കുറിച്ചുതന്നെ ആലോചിക്കാം. ഇതേവരെ അദ്ദേഹം ഈ പ്രസ്ഥാനവുമായി ഒരു പ്രകാരത്തിലും ഇടപെട്ടിട്ടില്ല. സത്യഗ്രഹസമരത്തിൽ മുമ്പുള്ളതിനോ പിമ്പുള്ളതിനോ മുന്നിട്ടു നില്ക്കുന്ന ഏറ്റവും അനുതാപമുള്ള ഒരു ധർമ്മഭടൻ എന്നുള്ള നിലക്കു് അദ്ദേഹം ഒരു സ്ഥലത്തും രംഗപ്രവേശം ചെയ്തിട്ടില്ല.

അതുപോലെതന്നെ ഡാക്ടർ തയ്യൽ എന്ന ഒരു മഹാൻ തെളിവു കൊടുത്തിട്ടുണ്ടു്. അദ്ദേഹം ഒരു പൊതുകായ്മ പ്രസംഗകനും ജനങ്ങളുടെ കായ്മം മുന്നോട്ടു കൊണ്ടുപോകുവാൻ ബദ്ധശ്രദ്ധനാണെന്നു് സുപ്രസിദ്ധിയുള്ള ആളുമാണു്. ആ സ്ഥിതിക്കു് അദ്ദേഹത്തിനും പ്രത്യേകം ഒരു പക്ഷം പിടിക്കേണ്ട ആവശ്യമുണ്ടായിട്ടില്ലെന്നാണു ഞാൻ പറയുന്നതു്.

മിസ്റ്റർ ജോജ്ജു് ചാക്യാമറി:— അദ്ദേഹം എന്തു തെളിവാണു് തന്നിരിക്കുന്നതു് എന്നറിഞ്ഞാൽകൊള്ളാം?

മിസ്റ്റർ കെ. എം. ഇബ്രാഹിം:— അദ്ദേഹം പ്രധാനമായിട്ടു പറഞ്ഞിട്ടുള്ളതു് അടികൊണ്ടതിനുശേഷം അവരുടെ മേൽ വീരു കണ്ടു എന്നും ആ വീപ്പുകൾക്കെല്ലാം അദ്ദേഹമാണു മരുന്നുകൊടുത്തു് ചികത്സിച്ചിട്ടുള്ളതെന്നുമാണു്.

ഇനി എനിക്കു പറയാനുള്ളതു് ഈ അന്വേഷണക്കമ്മിറ്റി പല സ്ഥലങ്ങളിൽ നിന്നും വന്നപല സാക്ഷികളുടേയും മൊഴികൾ രേഖപ്പെടുത്തി അതുസംബന്ധിച്ചു ചെയ്തിട്ടുള്ള രീതിമാനങ്ങൾ എന്താണെന്നുള്ളതിനെക്കുറിച്ചാണു്. പല അവസരങ്ങളിലായി ഏറ്റവും ഉത്തരവാദിത്വപ്പോ

LIBRARY ARCHIVES Kerala Legislative Assembly

ധത്തോടുകൂടിയും ന്യായമായും സാക്ഷികളെ വിസ്തരിയ്ക്കുകയും തെളിവുകൾ ശേഖരിയ്ക്കുകയും ചെയ്ത് വീണ്ടും ന്യായത്തിന്റെ ഏറ്റവും മേൽത്തരമായ നിലയിൽ ഈവക സംഗതികളെക്കുറിച്ച് തീരുമാനിച്ചുവെന്നു ഞാൻ പറയുകയുണ്ടായി.

മിസ്റ്റർ എം. എ. ചാക്കോ:—ആ സാക്ഷികളെ എതിർവിസ്താരം നടത്തീട്ടുണ്ടോ ?

മിസ്റ്റർ കെ. എം. ഇബ്രാഹിം:— എൻക്വയറി കമ്മിറ്റിയുടെ ഭാഗത്തുനിന്നും എതിർവിസ്താരം വീണ്ടും വീണ്ടും നടത്തീട്ടുണ്ട്. അവരുടെ തീരുമാനങ്ങളിൽ 22-ാം ന- ലത്തെ സംഭവത്തെക്കുറിച്ച് പ്രസ്താവിച്ചിട്ടുള്ള ഭാഗം ഞാൻ ഇവിടെ വായിയ്ക്കാം.

1. That the Satyagraha Volunteers were the victims of severe assault and vulgar abuse at the hands of the police, both on the public road between the Diwan's Bungalow and inside the police station and the sub-jail on 22—4—'09.

2. That the Volunteers were refused water to quench their thirst from about 6. 50 A. M. to about 4. 30 P. M. when they badly wanted it after undergoing a severe physical torture.

3. That they were denied food from 6. 15 A. M. to 9 P. M.

4. That they were not permitted to be taken out for answering their calls of nature for the whole day so much so some Volunteers passed their stools in their cell.

5. That the 20 Volunteers were shut up till after 9 P. M. in a small dirty cell.

6. That Head Constables Gopala Menon and Kochunny Menon and Constable A 322 were active participants in the assault on the Satyagrahis, while Mr. Mannadiar, the D. S. P. was privy to, if not responsible for the actions of his subordinates".

ഇതാണ് 22-ാം ന- ലത്തെ സംഗതിയെക്കുറിച്ച് കമ്മിറിചെയ്തിട്ടുള്ളറിപ്പോർട്ട്. അതുപോലെതന്നെ 26-ാം ന- ഉണ്ടായ സംഗതിയെപ്പറ്റിയും കമ്മിറി ചില നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. അതിൽനിന്നും 3-ം 4-ം പോയിന്റുകൾ മാത്രം ഞാൻ ഇവിടെ എടുത്തു അവതരിപ്പിക്കാം.

1. That the two batches of Volunteers arrested on the 26th Vrischigom near the junction of the Convent Road and Broadway were severely assaulted by the Police at the Ernakulam Railway Station and that H. C. Kochunni Menon and the Sub-Inspector of the Ernakulam Town Station had a hand in it, besides a number of Police Constables.

2. That the D. S. P. was privy to the police assault which appears to have been premeditated for the purpose of terrorising the Satyagrahi Volunteers and preventing the advent of their future batches".

"ഇതാണ് വളരെ ഖണ്ഡിതമായും വളരെ നിശ്ചിതമായും പോലീസുകാർ ചെയ്തിരിക്കുന്ന പ്രവൃത്തികളെന്ന് അന്വേഷണകമ്മിറി കണ്ടുപിടിച്ചിരിക്കുന്നത്. പോലീസുകാർ ചെയ്തിട്ടുള്ള അക്രമങ്ങളേയും ക്രൂരതകളേയും പററി ശരിയായ ഒരു അന്വേഷണം നടത്തി അതിന്റെ പൊതു

LIBRARY ARCHIVES Kerala Legislative Assembly

വായ ചില സംഗതികളെക്കുറിച്ച് ചില വിമർശനങ്ങൾ കൊടുത്തിട്ടുണ്ട്. ആ ഭാഗത്തുനിന്നും അഞ്ചാവരി ഞാൻ ഇവിടെ വായിച്ചുകൊള്ളാം.

"We may state in conclusion that the treatment meted out to the agrarian satyagrahis on the 22nd and 26th Vrischigam, is not justified either by law or by the morality since the Volunteers offered no resistance to them being arrested and did not refuse to carry out the dire actions of the police even after arrest. As for the Volunteers who offered Satyagraha on the 22nd Vrischigam, there is no evidence that they were even asked to disperse before their arrest. In these circumstances we do not feel any kind of justification for the force used on the Satyagrahis by the Police except to strike terror into their minds which course has no sanction in law and which constitutes a menace to public safety and an outrage on public decency."

ഇത്ര വ്യക്തമായും ഇത്ര ശ്രേഷ്ഠമായും മറ്റു യാതൊരു സംഗതികളും ഇടവരാത്ത തരത്തിലും ഇത്ര നിഷ്പക്ഷമായുമുള്ള നിലയിൽ ആ കമ്മിറ്റി ചെയ്തിട്ടുള്ള ഈ വക നിർദ്ദേശങ്ങളെക്കുറിച്ചും ഒരു നടപടിയും നമ്മുടെ നാട്ടിലില്ലെന്നുവന്നാൽ നമ്മുടെ നാട് വേറൊരു നരകമാണോ എന്നല്ലേ ആളുകൾ ചോദിക്കുകയുള്ളൂ! ഇത്ര വാത്സല്യമായും ഇത്ര സാമർത്ഥ്യത്തോടും ഏറ്റവും കുലകക്ഷ്യമായി തെളിവുകൾ ശേഖരിച്ച് മറ്റു വിധത്തിൽ കിട്ടിട്ടുള്ള പല രേഖകളും വച്ചുകൊണ്ട് ഈ നാട്ടിലെ പ്രമാണികൾ എന്നു് അഭിമാനിക്കുന്നവരും ഈ നാട്ടിനെ ശരിക്കു പ്രതിനിധീകരിക്കുന്നവരുമായ മാന്യന്മാരടങ്ങിയ ഒരു അനുദ്യോഗസ്ഥാന്വേഷണ കമ്മിറ്റി ചെയ്തിട്ടുള്ള തീരുമാനങ്ങളെ സംബന്ധിച്ച് യാതൊരു നടപടിയും ഇവിടത്തെ ഗവർമ്മെൻറു ചെയ്യുന്നില്ലെങ്കിൽ അതിൽപരം ഒരു കഷ്ടം മറ്റൊന്നില്ലെന്നാണ് ഞാൻ പറയുന്നതു്. ഗവർമ്മെൻറിനു വരാവുന്ന ഏറ്റവും വലിയ ആപത്തുകളിൽ ഒരാപത്താണ് എന്നു് ഇതിനെ കണക്കാക്കണമെന്നാണ് എനിക്കു പ്രധാനമായിട്ടു പറയുവാനുള്ളതു്.

ഇനി ഈ പ്രസ്ഥാനത്തിൽ ഉൾപ്പെട്ടിട്ടുള്ളവരും അനുതാപമുള്ളവരുമായ നമ്മേപോലെ പുറമേയുള്ള നാട്ടുരാജ്യങ്ങളിലെ പൌരന്മാർ എങ്ങിനെ വീക്ഷിക്കുമെന്നുള്ള സംഗതികൂടി നോക്കേണ്ടതുണ്ട്. പല പരിഷ്കൃതങ്ങളായ രാജ്യക്കാരും നാട്ടുകാരും നമ്മുടെ രാജ്യത്തോടു തൊട്ടുകിടക്കുന്നു. ഈ സംഗതികളെക്കുറിച്ച് അവർ അറിയുകയില്ലേ! ഇത്ര അക്രമരഹിതമായ നിലയിൽ, സമാധാനപരമായ വിധത്തിൽ അഭ്യസുവിദ്യരും മനസ്സാക്ഷിക്കു് അനുസരിച്ചു പ്രവൃത്തിക്കുന്നവരും ചെറുപ്പക്കാരുമായ ധർമ്മഭടന്മാരെ ഇത്ര മൃഗീയമായും ഇത്ര ക്രൂരമായും ആഭാസമായും മർദ്ദിച്ചതിനു് യാതൊരു രീതിമാനവും യാതൊരു പ്രവൃത്തിയും യാതൊരു നടപടിയും ബാധകമല്ലെന്നു അഭിമാനിക്കുന്ന ഏതുരു ദാരുണമായ ഒരവസ്ഥയിൽനിന്നും ഒരു മോചനം ഉണ്ടാക്കണമെന്നാണ് ഞാൻ പറയുന്നതു്. സ്വാധികാരവും തങ്ങൾക്കുണ്ടെന്നുള്ള ഭാവമല്ല നിങ്ങളിൽ കാണേണ്ടതു്. ഉള്ള അധികാരത്തെ ശരിയായും ന്യായമായും പ്രവൃത്തിക്കുന്നതിലാണ് നിങ്ങളുടെ അധികാരം കാണിക്കേണ്ടതു്. അല്ലാത്തപക്ഷം നിങ്ങളുടെ ഭരണം വെ

LIBRARY ARCHIVES Kerala Legislative Assembly

വും രാക്ഷസഭരണമാണെന്നേ ഞാൻ പറയുന്നുള്ളൂ. രാക്ഷസന്മാക്ക് അധികാരമുണ്ടെങ്കിൽ അവരുടെ അധികാരത്തെ പരിഷ്കൃതങ്ങളാണെന്നു ഗണിക്കാറുണ്ടോ? അതുകൊണ്ട് ഞാൻ പറയുന്നതു് നിങ്ങളുടെ കയ്യിൽ ശക്തിയുണ്ടെങ്കിൽ, അധികാരമുണ്ടെങ്കിൽ, കയ്യൂക്കുണ്ടെങ്കിൽ, ജനങ്ങൾക്കും നാട്ടിനും പ്രയോജനം വരുത്തുവണ്ണം ഉള്ള സ്വാതന്ത്ര്യത്തെ പുലത്തണം, നീതിന്യായങ്ങളെ പുലത്തണം. അല്ലാത്ത അധികാരം അധികാരമല്ല. നിങ്ങൾക്ക് അധികാരമുണ്ടെന്നു പറയുന്നതു് വെറും വ്യാമോഹം മാത്രമാണ്. അതു് മനുഷ്യത്വത്തിനു് അനുകൂലമായും സേവനമായും പ്രയോഗിക്കേണ്ടതാണെന്നുള്ള ചിന്ത നിങ്ങളിലുണ്ടാകുമ്പോൾ നിങ്ങൾക്കിപ്പോൾ ഉണ്ടെന്നു വിചാരിക്കുന്ന അഭിമാനം ശരിയായ ഒരഭിമാനമല്ലെന്നും അതു് വെറും ദുരഭിമാനം മാത്രമാണെന്നും ഇതേ നിലയിൽ തുടർന്നുകൊണ്ടുപോയാൽ അതു നിങ്ങളുടെ ഭരണത്തെ കെടുക്കുകയാണ് ചെയ്യുന്നതെന്നും നിങ്ങളിൽ ഉത്തരവാദിത്വബോധമില്ലാത്ത ഒരു ദുർഭരണഭരണമാണ് ഇപ്പോൾ ഉള്ളതെന്നു ബഹുജനങ്ങൾ ധരിക്കുന്നതിനു് ഇടയാക്കുന്നു വെറും അബദ്ധവും അപരിഷ്കൃതവുമായ ഒരു പ്രതിഫലനമാണ് കാണുന്നതെന്നും നിങ്ങൾക്കു നല്ലപോലെ മനസ്സിലായിരിക്കുമെന്നാണ് എന്റെ വിശ്വാസം.

President:—The Honourable Member must finish in a minute.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—Yes Sir. ഇതുകൊണ്ട് വ്യക്തമായ ഒരു സംഗതിയെക്കുറിച്ച് ദീർഘമായ ഒരു പ്രസംഗം ചെയ്യേണ്ട ആവശ്യമില്ല. നാം ഈ പ്രമേയം പാസാക്കിയതുകൊണ്ട് ഗവർമ്മെന്റു് ഇപ്പോൾ കൂടുതൽ പ്രയോജനങ്ങളൊന്നും ചെയ്യുന്നില്ലെങ്കിൽ അതിൽ നാം സങ്കടപ്പെടണം. നിങ്ങൾ എതൊരു സംഗതികൾ സർവ്വസമ്മതമായി പാസാക്കി വിടുന്നതു് യാതൊരു നടപടിയും നടത്താതെ ഗവർമ്മെന്റു് ചവറുകൊട്ടയിൽ തള്ളിയിരിക്കുന്നു. എങ്കിലും അനുദ്യോഗസ്ഥപക്ഷം വമ്പിച്ച സംഗതികൾ ചെയ്യുവെന്നും അവരുടെ അഭിമാനത്തേയും സ്വാതന്ത്ര്യത്തേയും പുലത്തിയെന്നും കാണിക്കുവാൻ വേണ്ടി നിങ്ങളെല്ലാവരും ഇതിൽ സഹർഷമായി അനുകൂലിച്ചു് വോട്ടു ചെയ്യണമെന്നു് അപേക്ഷിക്കുന്നു. ഇതു് ഇബ്രാഹിമിന്റെ ഒരപേക്ഷയല്ലെന്നും പൌരബോധമുള്ള ഒരു പൌരൻ അപേക്ഷിച്ചതാണെന്നും നിങ്ങൾ വിചാരിച്ചാൽ മതി. ഞാൻ എന്തെങ്കിലും തെറ്റുകൾ ചെയ്തിട്ടുണ്ടെങ്കിൽ ആ തെറ്റിനു വേണ്ടി നിങ്ങളോടു ക്ഷമായാചനം ചെയ്തുകൊള്ളുന്നു. അതുകൊണ്ട് നിങ്ങൾ ദയവായി ഈ പ്രമേയത്തെ അനുകൂലിച്ചു് വോട്ടുചെയ്യണമെന്നു ഞാൻ വീണ്ടും അപേക്ഷിച്ചുകൊണ്ട് നിങ്ങളുടെ സ്വീകരണത്തിനായി ഇതിനെ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

The House rose for lunch at 2 p. m. and reassembled at 3 p. m. with the Deputy President in the Chair.

Mr. P. Kumaran Ezhuthassan:—Mr. President, Sir, in rising to second this all important resolution I feel a sort of diffidence coming as I do after the stirring speech from the Hon. mover of the resolution. My diffidence is increased by the fact that I happened to be the unfortunate Chairman of the Committee whose report is the subject matter of the resolution. Lest my silence may be misunderstood I stand here to second the resolution After due deliberation, the conclusions of the Committee were submitted to the Government with a covering letter from the Chairman one or two days prior to the budget meeting of 1109. I remember a question having been asked by the Hon'ble mover of the resolution in the Budget session enquiring whether the Committee appointed by the non-official inhabitants of Ernakulam to report on the alleged atrocities of the Police had submitted its report. I remember the Government answering him by saying that just one or two days prior to the meeting of the Council the report had been submitted to the Government and that they had no time to look into it that being the budget session and that soon after the budget was over the matter would be looked into. Yesterday or day before yesterday the Hon'ble member who moved the resolution had inquired of the Government what they had done upon the report that was submitted and the Government stated that nothing has been done and in answer to another sub-division of the same question the Government has also said that they propose to do nothing further. When that question was pursued by further supplementary questions, the Hon'ble Secretary to the Government in his usual princely way informed the House what sort of treatment the Government had given to that report. Persistent questions were asked by various members inquiring whether the Government believed the report or not. Without saying that the Government does not believe it, the Hon'ble Secretary, as usual with him, succeeded in wriggling out of the situation.

The report under reference was submitted by a Committee appointed at a meeting convened at Ernakulam in Makaram last, a meeting convened by most responsible men of this locality consisting of the Chairman of the Municipality, consisting of a very large number of members of the Council who were here in connection with the Makaram sitting and consisting also of ex-M. L. C's., to name only one of them, Mr. A. B. Salem sitting yonder in the president gallery. That meeting was presided over by no less a responsible person than Dr. A R. Menon who is in this House now. The Resolution appointing the Committee was moved by another responsible member of the House, the Hon'ble Member for Chittur rural.

LIBRARY ARCHIVES Kerala Legislative Assembly

The Committee after duly notifying the sittings of the Committee and inviting persons both Government and non-officials to come forward with any useful evidence that they may be pleased to place before the Committee. What I understood at the time of the sittings was that the Government, more correctly, the officers of the Police, instead of coming forward either to examine their own witnesses or cross-examine the witnesses on the other side were standing in the way of those who liked to give evidence before the Committee. The sittings were duly notified in almost all the important newspapers of the State mentioning therein that any person who is interested or who is prepared to give evidence is welcome to do so. It is true that the Committee had not sent any special invitation to any of the police officers nor had the Committee sent any special invitation to the non-officials also. Yet a good many non-Government individuals came forward and gave evidence. The names of the witnesses examined by the Committee, their status in life and the nature of the evidence given are all extracted correctly in the report that has been submitted. If there is any slightest fear that the extracts given there are not correct I have preserved the original depositions taken by me. The witnesses have been subjected to very severe and searching cross-examination by the members also. That Committee has reported in the way in which it has been read out to this House by the Hon'ble mover of the Resolution. The Committee rightly or wrongly, in my opinion very rightly, formulated certain conclusions as was read out. They contained very grave charges against the Police Officers of the State and to say that the Government did not look into that and the Government does not propose to look into that hereafter is something which responsible non-official members of this House cannot take in the spirit in which the Government have viewed this report. In submitting the report to the Diwan of Cochin I wrote to him that I am forwarding the findings of the Committee appointed at such and such a meeting and I requested the Diwan as the custodian of the peace of the Country and the good name of our Police to do what he deemed fit in the circumstances of the case. I did not request him to do any particular thing in a particular fashion. I only put it in a very general manner. Addressing as I did a Civilian Diwan it is painful to see that the Government even after the lapse of 187 days, as mentioned by the Government, after the receipt of this report, has not been able to do anything with regard to that report. The statement made by the Hon'ble Secretary with reference to that question which was answered the other day was that there was nothing in that report which was contrary to the findings of the Government. I may state that the findings of the Government were arrived at at a time when the findings of the Committee were not before the Government. I believe the findings of the Government

LIBRARY ARCHIVES Kerala Legislative Assembly

were not arrived at when they are answering the questions on that in the Makaram session of 1109. We are in possession of the papers which say what sort of enquiries the Government conducted, what were the materials upon which they came to the conclusion and if the Government have not been able to do anything substantial in Makaram last, I do not know with what grace the Government can say that the findings of the Committee are not anything different from the findings that they have already arrived at.

Rama Varmha Tampuran:— That was not what I said. What I said was that the report did not contain anything which called for any further action on the part of the Government and not that the conclusions of the Committee were identical to the conclusions arrived at by the Government.

Mr P. Kumaran Ezhuthassan:— So it reduces itself to this, that the Government is not pleased to act upon the findings arrived at by the Committee. The Government is not pleased to look into the veracity of the conclusions made by the Committee. I hope and trust that although the Government have stated that they are not going to do anything further in the matter, they may be pleased to revise their opinion and say that the findings of the Committee, a responsible Committee appointed at a meeting convened by very responsible members, will be looked into. If the findings of such a Committee, one of whose members is, to use the language expressed by the Hon'ble mover of the Resolution, the uncrowned king of Cochin— the Deputy President of the House who is sitting there in his august place, will not have any weight with the Government it is time that the non-official members should very seriously think of what their future action ought to be. With these few words I whole-heartedly second this resolution.

Mr. P. Nilakanta Menon:— Mr. President, Sir, it is very unfortunate that this resolution should have come up a second time before this House although the Satyagraha is almost dead in the State. Anyhow I should like to remind this House that this very same question was discussed in this Council thoroughly soon after the incident, that is, in the Makaram sitting of the Council in 1109. On that occasion an attempt was made to constitute a Committee of nonofficials as well as officials who are Members of this House to enquire into this very matter viz., the alleged police atrocities. At that time I had made a very detailed statement of the facts that had transpired and the nature of the enquiry made by the various officers of the Government and the conclusions arrived at. It was then shown satisfactorily to the House, that there was absolutely no foundation for the charge against the police so much so the persons interested in the carrying out of the resolution

LIBRARY ARCHIVES Kerala Legislative Assembly

apprehending danger from the speeches on the floor of the House, withdrew the resolution. Afterwards I was told they convened a public meeting and constituted a Committee to look into the question again. This Committee, I hear, after a prolonged sitting of over six months examined half a dozen witnesses and formed their conclusions from the statements of these persons who were not cross-examined by anyone. I may state I am handicapped in making this reply because I had not the opportunity to study the report; in fact I have not seen it myself. But I shall explain the position of the Government why no action was taken.

Mr. P. Kumaran Ezhuthassan:— Are we to understand that the Commissioner has not seen the report ?

Deputy President:— He is speaking on a report which he has not read. He has admitted that he has not seen the report.

Mr. P. Nilakanta Menon:— But the fact remains the same whether I have read it or not. This question was once discussed in this House and the Members were then convinced that the alleged police torture is a myth. The fate of the resolution on that occasion conclusively shows that the House was not then disposed to accept the story of the Satyagrahis. Now this occurrence took place a year ago and I shall simply state what I said on the last occasion in the House.

Mr. A. Eachara Menon:— They are also one sided.

Mr. P. Nilakanta Menon:— It is not so, as the case of the Satyagrahis was also very ably represented by some of the interested members at the time. I notice also there are some here who were not present then and so it will not be out of place to read my speech of the last occasion. I may also bring to the notice of this House that this incident occurred on an auspicious day, which must not be forgotten, the day on which His Excellency the Viceroy was the Honoured Guest of His Highness the Maharajah. These people offered Satyagraha at the Dewan's Banglow as a sort of insult to the Government and its Honoured Guest. That aspect of the question cannot be changed by any conclusions of the Committee. The Hon'ble Members will try to appreciate the facts that I am going to relate here.

"The police had to deal with the Volunteers on two occasions only. The first was on the 7th December. What they did on that day was this. A set of about 30 Volunteers landed to the south of the Dewan's Banglow and marched on to the place shouting seditious slogams. The police patrol parties tried to make them understand that their action was unlawful and so commanded them to disperse. But they took no notice of it. They even tried to make a forcible entry into the premises. When the sentry at the Dewan's

LIBRARY ARCHIVES Kerala Legislative Assembly

gate threatened to charge the men if they entered the premises, some of the volunteers tried to scale the wall of the compound. The police prevented this and tried to take away the black flags from them to which they offered resistance and even attempted to assault the police officers. When these volunteers began to use force, they were arrested and taken to the police station. As the volunteers were behaving rather with a spirit of rowdyism, the police had to use force to keep them under arrest and I assure the House that no more force than was absolutely necessary was used on the occasion and I submit the police were legally entitled to do so in the discharge of their duties.

The second occasion was on the 11th December. On that day two batches of volunteers of about 20 men in all came to the Dewan's Banglow to offer Satyagraha. As they also refused to disperse on the command of the police, they were sent away by force. Most of them were young boys and they confessed they were hirelings who were induced to join the propaganda. They promised to quietly return home if allowed to do so and to refrain from such activities in future. Their names were noted down and they were sent back to Cranganore. Here again, I assure the House that only the minimum force essential for dispersing the members of the unlawful assembly was used on this occasion also.

These are the real facts and the subsequent story of police torture is a myth".

Now with regard to this there are certain circumstances connected with the subsequent history which if known will convince the House that there is no foundation for the alleged torture by the police. Now I will repeat it.

"Neither the District Superintendent of Police nor the District Magistrate had received any complaints. I also did not receive any complaint even though I was camping at the place. Thus the only conclusion that can be arrived at from the facts disclosed is that the alleged police torture is an afterthought invented to discredit the authorities. There is absolutely no foundation for such a complaint. If there had been any truth in it, the matter would have been brought to the notice of the authorities concerned immediately after the incident and it cannot be said that the volunteers had no opportunity to make such complaints if they really wanted to do it. I submit that the absence of complaints at the proper time can only lead to the conclusion that there was nothing unusual in the conduct of the police. There was also another circumstance which would go to disprove the story of police torture beyond any doubt. There was a settlement of the whole affair at the instance of the Satyagrahis. They approached the Dewan with a request that they would

LIBRARY ARCHIVES Kerala Legislative Assembly

tender an apology for their past conduct and that the case against them should be withdrawn. On this occasion also there was no talk of police torture. It is only natural to suppose that if there was any truth in the alleged police torture, the arbitrators who interviewed the Dewan in this connection, would have mentioned this fact to him and the Dewan would have certainly promised an enquiry in the matter. But the fact that this point was not pressed and not even mentioned at the time of the settlement shows conclusively that the Satyagrahis had no such case". If there had been any police torture probably no attempt would have been made to compromise the matter. They were taken to the court and they had an opportunity to go into the whole question in a court of Law when both sides of the case would have been heard and a final decision obtained. When the Satyagrahis let go that opportunity deliberately it is very unfair for them now to come forward and ask to pass orders on the strength of the Committee report which I am led to believe is one sided. In regard to the proceedings of the committee the police had no opportunity to place their evidence nor to cross examine the witnesses. Under the circumstances the only thing that the Government can do on this report is what they have actually done viz., to record it. The Government have made a detailed enquiry into the matter and reports were received from the District Magistrate and the Commissioner of Police and also other officers who had to look into this matter. It was only on receipt of these reports that final orders were passed by the Government. It is therefore meaningless to ask the Government to reopen this subject at this distance of time on the strength of a onesided report submitted after the expiry of more than a year after the alleged incident. Government therefore think it unnecessary to take any action on the report which is accordingly recorded.

മിസ്റ്റർ കെ. അയ്യപ്പൻ:—സർ, ഗവൺമെന്റ് ഈ റിപ്പോർട്ടിനെ സംബന്ധിച്ച് ഒന്നും ചെയ്യുകയില്ലെന്നും ഈ വിഷയത്തിൽ ഗവൺമെന്റിനു് ഒന്നും ചെയ്യുവാൻ സാധിക്കയില്ലെന്നും ഞങ്ങൾക്കറിയാം. ഗവൺമെന്റ് ഈ അക്രമം ചെയ്ത ആളുകൾക്ക് ഇപ്പോൾ പ്രമോഷൻ കൊടുത്തിരിക്കണമെന്നും ഊഹിക്കുവാൻ ന്യായമുണ്ട്. എന്നാൽ അങ്ങിനെയുള്ള ഒരു സ്ഥിതി ഇവിടെ വരരുതു് എന്നാണ് എനിക്കു പറയുവാനുള്ളതു്. ഫിറ്റ്ലർ ഗവൺമെന്റ പോലെയുള്ള ഒരു ഗവൺമെന്റിലാണ് ഇതു നടന്നതെങ്കിൽ തരക്കേടില്ലായിരുന്നു. ഡെമാക്രാറിക് ഭരണം നടത്തുന്നതായി പറയുന്ന ബ്രിട്ടിഷ് സാമ്രാജ്യത്തിന്റെ ഒരു വിഭാഗമാണ് കൊച്ചി. ഫിറ്റ്ലർ ഗവൺമെന്റ കാണിക്കുന്നമാതിരി മട്ടനയം നമ്മുടെഗവൺമെന്റ് എടുക്കുവാൻ പാടില്ല. (ഹിയർ, ഹിയർ). ഗവൺമെന്റ് ഈ കയ്യന്തിൽ എടുത്തിട്ടുള്ളനയം തീരെ ന്യായമല്ല എന്നുള്ളതിനു് ഈ റിപ്പോർട്ട് കമ്മീ

LIBRARY ARCHIVES Kerala Legislative Assembly

ഷണക്ക് അയച്ചു കൊടുത്തിട്ടില്ല എന്നു പറയുന്നതുകൊണ്ട് ഊഹിക്കരുതോ? വേറെ എന്തുതെളിവാണു വേണ്ടതു്? ഈ റിപ്പോർട്ട് അയച്ചുകൊടുത്തിട്ട് അതു് കമ്മീഷണർ അവർകൾ വായിച്ചില്ല, സിക്രട്ടറി അവർകൾ വായിച്ചില്ല, ദിവാൻജി അവർകൾ വായിച്ചില്ല, ആരും വായിക്കാതെ അതു് ചവറുകൊട്ടയിലും ഇട്ടു. (ഷെയിം, ഷെയിം) അല്ലാത്തപക്ഷം ഈ റിപ്പോർട്ട് കിട്ടിയതിനുശേഷം എന്തെങ്കിലും ഒരു തീരുമാനം ഗവൺമെൻറിനു ചെയ്യാമായിരുന്നില്ലേ?

President:—The Hon'ble Member cannot question the statements made by any other Hon'ble Members of the House. It was said in this House that the Secretary to the Diwan read the report and the Diwan also said in the Council that he read the report. The Hon'ble Member, unless he is prepared to prove that those statements are false, cannot make such an accusation.

മിസ്റ്റർ കെ. അയ്യപ്പൻ:—എന്റെ ഭാഷ എല്ലാവരും മനസ്സിലാക്കിയെന്നാണു ഞാൻ വിചാരിച്ചതു്. വായിച്ചില്ല എന്നു പറഞ്ഞതു് ഗവൺമെൻറ് ഇതിൽ സ്വീകരിച്ചിട്ടുള്ള അനാശാസ്യനയത്തെ കാണിക്കുവാൻ വേണ്ടി ഒരു അലങ്കാര ഭാഷയായിട്ടു മാത്രമാണു്. സിക്രട്ടറി അവർകൾ നുണ പറഞ്ഞുവെന്നോ പറയുമെന്നോ ഉള്ള വിശ്വാസം എനിയ്ക്കില്ല. പ്രസിഡണ്ടു് അവർകളുടെ വളിംഗിനെ ഞാൻ അനുസരിക്കുന്നു.

President:—I accept your explanation.

മിസ്റ്റർ കെ. അയ്യപ്പൻ:—ഇങ്ങിനെയുള്ള കായ്യങ്ങളിൽ ഈ മാതിരി നയമല്ല ഗവൺമെൻറ് എടുക്കേണ്ടതു്. അടുത്ത കാലത്തു് ഇംഗ്ലണ്ടിൽ ഒരു ആസ്പത്രിയിൽ പ്രസവിക്കുവാൻ ചെന്ന ഒരു സ്ത്രീയ്ക്കു് ഭക്ഷണം കുറഞ്ഞുവെന്ന കാരണത്താൽ ആ സ്ത്രീ മരിച്ചുപോയതായും ഉടനെതന്നെ ഒരു ഡെപ്യൂട്ടേഷനായി ആളുകൾ അവിടത്തെ പബ്ലിക്ക് ഹെൽത്തുമിനിസ്റ്ററുടെ മുമ്പിൽ പോയതായും ഇപ്പോൾ അതിനെക്കുറിച്ചു് ആ ആസ്പത്രിയിൽമാത്രമല്ല, ബാക്കിയുള്ള ആസ്പത്രികളിൽക്കൂടി എൻക്വയറി നടത്തുവാൻ വിശ്വയിച്ചിരിക്കുന്നതായും കാണുന്നു. നേരെമറിച്ചു് ഇവിടെചെയ്ത ആ ക്രമങ്ങൾക്കു് ഒരു പരിഹാരം വേണമെന്നുണ്ടെങ്കിൽ കോടതിയിൽ പോകുവാൻ പാടില്ലെന്നാണു് പോലീസുകാർ പറയുന്നതു്. ഈ മെമ്പർമാർ ഇവിടെ വന്നിരിക്കുന്നതു് എന്തുദ്ദേശത്തോടുകൂടിയാണെന്നും അവർ എന്താണു് പറയുന്നതെന്നുമുള്ള സംഗതികൾ മുഴുവൻ വിസ്മരിച്ചു കളയുന്നു! ഈ സംഭവം പരമാർത്ഥത്തിൽ നടന്നതായി പറയുന്ന ആളുകൾ ധാരാളമുണ്ടു്. അതുപോലെ ഈ കായ്യത്തിൽ പൊതുജനപ്രമാണികളായുള്ളവർ ആരെങ്കിലുംഎന്തെങ്കിലും ചെയ്യുവോ? ഇംഗ്ലണ്ടിലോ മറ്റോ ആണെങ്കിൽ ഇങ്ങിനെ ഒരു സംഭവമുണ്ടായാൽ അവിടത്തെ പോലീസുകമ്മീഷണരേയോ ഗവൺമെൻറിനേയോവെറുതെയിരിക്കുവാൻ ജനങ്ങൾ സമ്മതിക്കുമോ? അവിടത്തേപോ

LIBRARY ARCHIVES Kerala Legislative Assembly

ലെയുള്ള പൊതുജനാവകാശബോധവും പൊതുജനകൃത്യബോധവും ഇവിടെ വികസിച്ചിട്ടില്ലാത്ത സ്ഥിതിയ്ക്ക് ഇങ്ങിനെയുള്ള ഒരു പരാതി കുറക്കുവാൻ വേണ്ടിയെങ്കിലും വല്ലതും പ്രവൃത്തിക്കാതെ വെറുതെ കുറേ പറഞ്ഞുകൂട്ടുന്നതിൽ അത്ഭുതപ്പെടുവാനേ നിവൃത്തിയുള്ളു. ഈ സംഭവം നടന്നതിനുശേഷവും ഇവിടെ അനേസ്തേഷ്യം മറവും നടക്കുകയുണ്ടായി. അപ്പോൾ മുമ്പു പ്രവൃത്തിച്ചിട്ടുള്ളതുപോലെ പ്രവൃത്തിച്ചുകാണുന്നില്ല. അതിനു കാരണം ഞങ്ങളുടെ റിപ്പോർട്ടിന്റെ ഫലം ഒന്നു മാത്രമാണ്.

ഗവൺമെൻറ് ഈ നില മാറുന്ന ഒരു കാലം വരും. പൊതുജന പ്രതിനിധികളായ ആളുകൾ ചേർന്ന് ഉത്തരവാദിത്വബോധത്തോടുകൂടി ഒരു കമ്മിറ്റിയെ നിയമിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് ഗവൺമെൻറിലേക്ക് അയച്ചുകൊടുത്തു് ഇനിമേൽ ഇന്നപ്രകാരം ചെയ്യണമെന്ന് ആവശ്യപ്പെട്ടാൽ അതനുസരിച്ചു ചെയ്യുന്നില്ലെങ്കിൽ ദിവാൻജിക്കുപോലും അവിടെയിരിക്കുവാൻ പാടില്ലാത്ത കാലം വരും. (ഹിയർ, ഹിയർ) പൊതുജനങ്ങൾക്കുള്ള അവശതകളെ സംബന്ധിക്കുന്ന ഒരു കാര്യമാണ് ഇതു്. പൊതുജനങ്ങളുടെ അവശതകളെ പരിഹരിച്ച് അവരെ രക്ഷിക്കേണ്ട ഈ അവസരത്തിൽ രക്ഷിക്കുവാൻ ഉത്തരവാദപ്പെട്ട ആളുകൾ പബ്ലിക്ക് നിരത്തിൽ ദിവാൻജിയുടെ ബംഗ്ലാവിന്റെ മുമ്പിൽവച്ചും അതും കഴിഞ്ഞശേഷം സമാധാനപരിപാലനത്തിന്നായി നിയമിച്ചിട്ടുള്ള പോലീസുദ്യോഗസ്ഥന്മാരുടെ സങ്കേതമായ പോലീസു സ്റ്റേഷനിൽവച്ചും പൌരന്മാരുടെ മാനത്തേയും ശ്രേയസ്സിനേയും അന്തസ്സിനേയും ചവിട്ടിത്തേച്ചു എന്ന റിപ്പോർട്ട് വന്നിട്ട് അതു പോലീസു കമ്മീഷണർക്ക് അയച്ച് ഒരു അഭിപ്രായം ചോദിക്കുവാനെങ്കിലും ദയവില്ലാതെ പോയ, നീതിബോധമില്ലാതെപോയ, ചുമതലാബോധമില്ലാതെപോയ, കൃത്യബോധമില്ലാതെപോയ ഗവൺമെൻറിന്റെ മനസ്ഥിതിയെക്കുറിച്ച് ഞങ്ങൾ എന്തു പറയേണ്ടിയിരിക്കുന്നു എന്നു ഞങ്ങൾക്കു മനസ്സിലാകുന്നില്ല. (ലജ്ജാവഹം, ലജ്ജാവഹം). ഇങ്ങിനെയാണോ ഈ വക കാര്യങ്ങളിൽ ഗവൺമെൻറ് പ്രവൃത്തിക്കേണ്ടതു്? ഇങ്ങിനെയാണോ പരിഷ്കൃതരാജ്യങ്ങളിൽ കണ്ടുവരുന്നതു്? നിങ്ങളുടെ കുട്ടികളെത്തന്നെ പോലീസ് തല്ലുകയില്ലെന്നു നിങ്ങൾ എങ്ങിനെ അറിഞ്ഞു?— ഞാൻ പോലീസു ഡിപ്പാർട്ടുമെൻറിനേയോ പോലീസുദ്യോഗസ്ഥന്മാരേയോ ആക്ഷേപിക്കുകയല്ല ചെയ്യുന്നതു്—കൊച്ചിയിലെ പോലീസു ഡിപ്പാർട്ടുമെൻറിനെപറ്റി എനിക്ക് എപ്പോഴും ബഹുമാനമാണ്. മറ്റു രാജ്യങ്ങളിലെ പോലീസിനെ അപേക്ഷിച്ച് വളരെ നല്ല നിലയിലിരിക്കുന്നതു് കൊച്ചിയിലെ പോലീസാണ്. (ഹിയർ, ഹിയർ). അവരിൽ ഏതാനും ആളുകൾ ഈ പോലീസിന്റെ നല്ല പേരിനെ അലങ്കോലപ്പെടുത്തുവാൻ ശ്രമിച്ചപ്പോൾ അതിനെ അമർത്തുവാൻ ഗവൺമെൻറിന് ഉത്തരവാദിത്വം വന്നില്ലെങ്കിൽ ആ പോലീസിനെക്കൊ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടു രക്ഷ കിട്ടേണ്ടതായ ജനങ്ങൾക്ക് എന്തെങ്കിലും ഒരു രക്ഷ കിട്ടികൊള്ള ട്ടെ എന്നു കരുതി ഞങ്ങൾ പ്രവൃത്തിച്ചു. അങ്ങിനെയുള്ള ഒരു റിപ്പോർട്ടി നെപ്പറ്റി ഗവൺമെൻറ് ഇപ്പോൾ അലക്ഷ്യമായ ഒരു ഭാവമാണോ എടുക്കേ ണ്ടതു്? വൈസ്രായി അവർകൾ വന്നപ്പോൾ ഉണ്ടായ സംഭവമാണെന്നു പറഞ്ഞു. സത്യഗ്രഹം ശരിയായി എന്നോ അല്ല എന്നോ എന്നതല്ല ഇവിടെ ആലോചനാവിഷയം. സത്യഗ്രഹികളെ മർദ്ദിച്ചതാണ് ഇവിട ത്തെ വിഷയം. എന്തുകൊണ്ടു് കേസ്സു കൊടുത്തില്ല എന്നു ചോദിക്കയു ണ്ടായി. സത്യഗ്രഹികൾ എന്നു പറഞ്ഞാൽ ആരാണ്. അവർ കേ സിനു പോകുവാൻ ഭാവമുള്ളവരാണോ, കടം വന്നു മൂത്താൽ പിന്നെ അവർ കേസിനു പോകുമോ, പ്രക്ഷോഭണം നടത്തി കായ്മ സാധിക്ക ണമെന്നുള്ളവർ കേസിനുവേണ്ടി പണം കളയുമോ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ:—തമ്മിൽ തീർന്നപ്പോൾ സായിപ്പി നോടു് ഈ കായ്മത്തെപ്പറ്റി പറയാമായിരുന്നില്ലേ?

മിസ്റ്റർ കെ. അയ്യപ്പൻ:—തമ്മിൽ തീർന്നുവോ ഇല്ലയോ എന്നുള്ളതല്ല കായ്മം. ഈ റിപ്പോർട്ടിനെപ്പറ്റി ഗവൺമെൻറ് എടുത്ത ആക്ഷേപാ ർഹമായ നയത്തെക്കുറിച്ചുമാത്രമാണു് ഞാൻ ആക്ഷേപിക്കുന്നതു്. വേ റെ ഒന്നും ചെയ്യില്ലെങ്കിലും ഈ റിപ്പോർട്ടു് വായിച്ചുനോക്കി എന്തെങ്കി ലും സമാധാനം പറഞ്ഞു തള്ളിക്കളയരുതോ? അതെങ്കിലും ചെയ്യുവോ എന്നാണു ഞാൻ ചോദിക്കുന്നതു്. റിപ്പോർട്ടു് വായിച്ചുനോക്കി അതി ൽ പറഞ്ഞിട്ടുള്ള സംഗതികൾ ശരിയല്ലെന്നു സ്ഥാപിച്ചു തള്ളുകയായി രുന്നു വേണ്ടതു്. ആ നയമല്ല ഗവൺമെൻറ് എടുത്തതു്. ഇതിനെ തീ രെ അലക്ഷ്യഭാവത്തിൽ തള്ളിക്കളഞ്ഞിരിക്കുന്നു. അങ്ങിനെ ചെയ്യുന്ന തു ന്യായമല്ലെന്നും ഒരു ഗവൺമെൻറിനു് അടുത്ത പ്രവൃത്തിയല്ലെന്നും തീ രെ ശരിയായിട്ടുള്ളതല്ലെന്നും മാത്രമേ ഞാൻ പറയുന്നുള്ളൂ.

ഈ നയം ഇനിയെങ്കിലും ഗവൺമെൻറ് തുടരരുതു്. ഇതിൽ ഞാൻ ഗവൺമെൻറിനേയോ പോലീസുകാരേയോ ആക്ഷേപിച്ചില്ല പറയുന്നതു്. നാട്ടുകാരുടെ മാനരക്ഷയ്ക്കും ദേഹരക്ഷയ്ക്കും സ്വാതന്ത്ര്യരക്ഷയ്ക്കും വേണ്ടി ഇ ങ്ങിനെ ചിലതെല്ലാം പ്രവൃത്തിക്കേണ്ട ആവശ്യമുണ്ടു്. ഞങ്ങൾ ഇതെല്ലാം പ്രസംഗിക്കുന്നതു് പൊതുജനങ്ങൾ അറിയുവാൻവേണ്ടിയാണെന്നു് ഞാൻ ഗവൺമെൻറിനോടു പറഞ്ഞുകൊള്ളുന്നു. ഞങ്ങൾ ഇവിടെ പറയുന്നതൊ ന്നും നിങ്ങൾ കേട്ടില്ലെങ്കിൽ നിങ്ങളേക്കാൾ വലിയ ആളുകൾ പുറമേ കേ ൾക്കുവാനുണ്ടു്. ഈ കൊച്ചീരാജ്യത്തുള്ള പൌരന്മാർ ഇന്നു് ഇവിടെ നട ക്കുന്ന സംഗതികൾ നാളെ ഗോമതി വഴിയായും മലയാളരാജ്യം വഴിയാ യും മനോരമ വഴിയായും അതുപോലെയുള്ള മറ്റു പത്രങ്ങൾ വഴിയായും അ റിയും. നിശ്ചയമായും ഞങ്ങളെ അധികാരപ്പെടുത്തി അയച്ചിട്ടുള്ളവർ ഇത

LIBRARY ARCHIVES Kerala Legislative Assembly

റിയാതിരിക്കയില്ല. അവരെങ്കിലും ഇതു കേട്ടിട്ടു വല്ലതും ഫലമുണ്ടാകുന്നു വെങ്കിൽ ഉണ്ടാകട്ടെ എന്നമാത്രമേ ഞങ്ങൾക്കു നിങ്ങളോടു പറയുവാനുള്ളൂ.

